നാൽ നിയമന തീയതി മുതൽ മൂന്നു വർഷത്തിനകം ബി.എഡ്. ബിരുദം എടുത്തുകൊള്ളണമെന്ന നിബന്ധനയ്ക്കു വിധേയമായി നിയമനം നടത്താവുന്നതാണ്. ഇതിന് പി.എച്ച്.ഡി., എം.എഫിൽ, ജെ.ആർ.എഫ്, എൻ.ഇ.റ്റി. ബിരുദമുള്ളവർക്കും ഇതേ വ്യവസ്ഥയിൽ നിയമനം നൽകാവുന്നതാണ്.

(സി) 1995-96 അദ്ധ്യയനവർഷത്തിന് ശേഷം നിയമനം ലഭിച്ച അദ്ധ്യാപകർ എൻ.ഇ.റ്റി, വിജയിക്കണമെന്ന് 30.12.99-ലെ ജി.ഒ. (എം.എസ്.) 341/99/പൊ.വി. ഉത്തരവിൽ നിഷ്ക്കർഷിക്കുന്നുണ്ട്. അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനാണ് യോഗ്യതാ പരീക്ഷ നിർബന്ധമാക്കിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ഡി) 1996-ന് ശേഷമാണ് പ്രീഡിഗ്രി വേർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്ലസ് ടൂ കേരളത്തിൽ വ്യാപകമായി നടപ്പിലാക്കാൻ തുടങ്ങിയത്. അതുകൊണ്ടാണ് 1995-96-ന് ശേഷം ഹയർ സെക്കന്ററി നിയമനം നേടിയ അദ്ധ്യാപകർ യോഗ്യതാ പരീക്ഷ എഴുതണമെന്ന് നിഷ്ക്കർഷിക്കാൻ ഇടയായത്.

(ഇ) സർക്കാർ മേഖലയിൽ 368-ഉം സ്വകാര്യ മേഖലയിൽ 282-ഉം അദ്ധ്യാപകരുണ്ട്.

(എഫ്) അത്തരത്തിലൊരു നിബന്ധന ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് നിശ്ചയിച്ചിട്ടുള്ളത്. മാനേജുമെന്റുകളുടെ അവകാശത്തിന്മേലുള്ള ഇടപെടലല്ല, ഗവ. നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾക്കനുസരിച്ച് മാനേജുമെന്റിനും നിയമനം നടത്താനാവുകയുള്ളൂ.

(ജി) ഉണ്ട്. ഇതുസംബന്ധിച്ച് ചില ഹർജികൾ ബഹു. ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

14 (*104) മുരാരി കമ്മിറ്റിയുടെ ശുപാർശകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുരാരി കമ്മിറ്റിയുടെ ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ശുപാർശകൾ നടപ്പാക്കുന്നത് കേന്ദ്ര ഗവൺമെന്റ് നിർത്തിവച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഫലമായി മത്സ്യരംഗത്തുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) മുരാരി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കേണ്ടത് കേന്ദ്ര സർക്കാരാണ്. താഴെ ആഴകടൽമത്സ്യ ബന്ധനത്തിന് വിദേശ കപ്പലുകൾക്ക്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ലൈസൻസ് നൽകുകയോ നിലവിലുള്ളത് പുതുക്കുകയോ ലൈസൻസുകളുടെ കാലാവധി നീട്ടിക്കൊടുക്കുകയോ ചെയ്യരുതെന്ന ശുപാർശ നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിദേശകപ്പലുകൾ ആഴക്കടൽ മത്സ്യസമ്പത്ത് അനിയന്ത്രിത മായി ചൂഷണം ചെയ്യുന്നതു ഒരു പരിധിവരെ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

15 (*105) മത്സ്യബന്ധനമേഖലയുടെ അഭിവൃദ്ധിയ്ക്കായി പദ്ധതികൾ

ശ്രീ. ടി.എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയുടെ അഭിവൃദ്ധി യ്ക്കായി സർക്കാർ രൂപം നൽകിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാ ണെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്ത് ഫിഷ് സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിലേയ്ക്കായി എന്തു തുക ഈ സാമ്പത്തിക വർഷം നീക്കി വച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത ഫിഷ് സെന്ററുകളുടെ പ്രവർത്തനം നിശ്ചിതസമയ ത്തിനുള്ളിൽ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമ കൃഷ്ണൻ) :

(എ) തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ തലായ് എന്നിവിടങ്ങളിൽ പുതിയതായി മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കരയ്ക്കെടുപ്പി ക്കുന്നതിനുവേണ്ടി താഴെപറയുന്ന മണ്ഡലങ്ങളിൽ സ്റ്റാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം സൗത്ത്, പുന്നപ്ര, കാട്ടൂർ-പൊള്ളാത്തായ്, അർത്തുങ്കൽ, വള്ളിക്കുന്ന്, വെള്ളയിൽ, കൊയിലാണ്ടി, ചാലിൽ ഗോപാലപ്പേട്ട, ഇടിക്കുളം, തിക്കോടി, കടപ്ര, കാഞ്ഞങ്ങാട്, പൂവാർ, മരിയനാട്, പുല്ലുവിള, പൂന്തുറ, നായരമ്പലം, ഉദയംപേരൂർ, പരവൂർ, കുണ്ടറ, ചെമ്പ്, പടന്ന.

യന്ത്രവൽകൃത ബോട്ടുകൾക്ക് മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന സ്ഥലങ്ങളിൽ ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly